സൂറഃ-7

# അൽ അഅ്റാഫ്

مَن يُضْلِلِ ٱللَّهُ فَلَا هَادِىَ لَهُۥ ۚ وَيَذَرُهُمْ فِى طُغْيَٰنِهِمْ يَعْمَهُونَ
﴿١٨٦﴾

**186.** അല്ലാഹു വഴിതെറ്റിച്ചവന് പിന്നെ നേർവഴിക്കു നയിക്കാനാരുമില്ല. അവൻ അവരെ ധിക്കാരത്തിൽതന്നെ വിഹരിക്കാൻ വിട്ടുകളയുന്നു.

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ
رَبِّى ۖ لَا يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ ۚ ثَقُلَتْ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ لَا تَأْتِيكُمْ
إِلَّا بَغْتَةً ۗ يَسْـَٔلُونَكَ كَأَنَّكَ حَفِىٌّ عَنْهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ ٱللَّهِ
وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿١٨٧﴾

**187.** അവർ നിന്നോട് ചോദിക്കുന്നു; അന്ത്യനാളിനെക്കുറിച്ച്, അതെപ്പോഴാണ് വന്നണയുക എന്ന്. അവരോട് പറയുക: അത് എന്റെ നാഥനു മാത്രമറിയാം. അതിന്റെ സമയമായാൽ അവൻ തന്നെയാണത് വെളിപ്പെടുത്തുക. വാനലോകത്തും ഭൂമിയിലും അതു വളരെ ഭാരിച്ചതായിരിക്കും. തികച്ചും ആകസ്മികമായിട്ടായിരിക്കും അത് നിങ്ങൾക്ക് വന്നെത്തുക. നീ അക്കാര്യത്തിൽ ഒരു വിദ്വാനാണെന്ന മട്ടിലാണല്ലോ അവർ ചോദിക്കുന്നത്. പറയുക: അതിന്റെ വിവരം അല്ലാഹുവിങ്കൽ മാത്രമാകുന്നു. പക്ഷേ അധികജനവും അറിയുന്നില്ല.

قُل لَّآ أَمْلِكُ لِنَفْسِى نَفْعًا وَلَا ضَرًّا إِلَّا مَا شَآءَ ٱللَّهُ ۚ وَلَوْ كُنتُ أَعْلَمُ ٱلْغَيْبَ
لَٱسْتَكْثَرْتُ مِنَ ٱلْخَيْرِ وَمَا مَسَّنِىَ ٱلسُّوٓءُ ۚ إِنْ أَنَا۠ إِلَّا نَذِيرٌ وَبَشِيرٌ
لِّقَوْمٍ يُؤْمِنُونَ ﴿١٨٨﴾

**188.** പ്രവാചകൻ പറയുക: എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താൻ കഴിവില്ലാത്തവനാകുന്നു ഞാൻ. അല്ലാഹു ഇച്ഛിക്കുന്നതെന്തോ അതു മാത്രം നടക്കുന്നു. അതിഭൗതികജ്ഞാനമുണ്ടായിരുന്നുവെങ്കിൽ ഞാൻ പെരുത്ത് സൗഭാഗ്യങ്ങൾ സ്വയം നേടിയെടുക്കുമായിരുന്നുവല്ലോ. ദോഷങ്ങളൊന്നും എന്നെ ബാധിക്കുകയുമില്ലായിരുന്നു. പക്ഷേ, സത്യസന്ദേശം സ്വീകരിക്കുന്നവർക്കുള്ള മുന്നറിയിപ്പുകാരനും സുവിശേഷകനും മാത്രമാകുന്നു ഞാൻ.

مَن يُضْلِلِ ٱللَّهُ = അല്ലാഹു വഴിതെറ്റിച്ചവൻ فَلَا هَادِىَ = പിന്നെ നേർവഴിക്കാക്കാൻ ആരുമില്ല لَهُۥ = അവന്
وَيَذَرُهُمْ = അവൻ അവരെ വിട്ടുകളയുന്നു فِى طُغْيَٰنِهِمْ = അവരുടെ ധിക്കാരത്തിൽ يَعْمَهُونَ = അവർ വിഹരിക്കുന്നു(ക്കാൻ)
يَسْـَٔلُونَكَ = അവർ നിന്നോട് ചോദിക്കുന്നു عَنِ ٱلسَّاعَةِ = ആ സമയത്തെ(അന്ത്യനാളിനെ)ക്കുറിച്ച് أَيَّانَ = എപ്പോഴാണ്
مُرْسَىٰهَا = അതിന്റെ നങ്കൂരമിടൽ (വന്നണയുക) قُلْ = (അവരോട്) പറയുക إِنَّمَا عِلْمُهَا = അതിന്റെ അറിവ് (അത് അറിയുന്നു)
عِندَ رَبِّى = എന്റെ നാഥങ്കൽ (നാഥൻ മാത്രം) لَا يُجَلِّيهَا = അത് വെളിപ്പെടുത്തുകയില്ല (വെളിപ്പെടുത്തുക)
لِوَقْتِهَآ = അതിന്റെ സമയത്ത് (സമയമായാൽ) إِلَّا هُوَ = അവൻ (തന്നെയാണ്) അല്ലാതെ
ثَقُلَتْ = അത് ഭാരമായി (വളരെ ഭാരിച്ചതായിരിക്കും) فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ = വാനലോകത്തും ഭൂമിയിലും
لَا تَأْتِيكُمْ = നിങ്ങൾക്ക് അത് വന്നെത്തുകയില്ല (വന്നെത്തുക)
إِلَّا بَغْتَةً = ആകസ്മികമായിട്ടല്ലാതെ (തികച്ചും ആകസ്മികമായിട്ടായിരിക്കും) يَسْـَٔلُونَكَ = അവർ നിന്നോട് ചോദിക്കുന്നു(ക്കുന്നത്)

ധാരാളം അന്വേഷിച്ചറിഞ്ഞവൻ, വിദ്വാൻ = حَفِيٌّ  നീ ആണെന്നപോലെ (മട്ടിലാണല്ലോ) = كَأَنَّكَ

നീ പറയുക = قُلْ  അതിനെക്കുറിച്ച് (അക്കാര്യത്തിൽ) = عَنْهَا

അധികമാളുകൾ = أَكْثَرَ ٱلنَّاسِ  പക്ഷേ = وَلَٰكِنَّ  അതിന്റെ വിവരം അല്ലാഹുവിങ്കൽ മാത്രമാകുന്നു = إِنَّمَا عِلْمُهَا عِندَ ٱللَّهِ

ഞാൻ ഉടമപ്പെടുത്തുന്നില്ല, എനിക്ക് കഴിവില്ല = لَّآ أَمْلِكُ  പ്രവാചകൻ പറയുക = قُل  അവർ അറിയുന്നില്ല = لَا يَعْلَمُونَ

ഒരു ദോഷവും (വരുത്താൻ) = وَلَا ضَرًّا  ഒരു ഗുണം = نَفْعًا  എനിക്കുതന്നെ = لِنَفْسِي

അല്ലാഹു ഇഛിച്ചത് ഒഴിച്ച് (അത് മാത്രം നടക്കുന്നു) = إِلَّا مَا شَآءَ ٱللَّهُ

ഞാൻ അദൃശ്യം അറിഞ്ഞിരുന്നുവെങ്കിൽ (എനിക്ക് അതിഭൗതികജ്ഞാനമുണ്ടായിരുന്നുവെങ്കിൽ) = وَلَوْ كُنتُ أَعْلَمُ ٱلْغَيْبَ

നന്മയാൽ (സൗഭാഗ്യങ്ങൾ) = مِنَ ٱلْخَيْرِ  ഞാൻ പെരുപ്പിക്കുമായിരുന്നു (പെരുത്ത് നേടിയെടുക്കുമായിരുന്നു) = لَٱسْتَكْثَرْتُ

തിന്മ, ദുഃഖം (ദോഷങ്ങളൊന്നും) = ٱلسُّوٓءُ  എന്നെ ബാധിച്ചില്ല (ബാധിക്കുകയുമില്ലായിരുന്നു) = وَمَا مَسَّنِيَ

സുവിശേഷകനും = وَبَشِيرٌ  പക്ഷേ ഞാൻ ഒരു മുന്നറിയിപ്പുകാരൻ അല്ലാതെയല്ല (മാത്രമാകുന്നു) = إِنْ أَنَا۠ إِلَّا نَذِيرٌ

അവർ വിശ്വസിക്കുന്നു (സത്യസന്ദേശം സ്വീകരിക്കുന്ന) = يُؤْمِنُونَ  ജനതതിന് = لِّقَوْمٍ

**186:** അല്ലാഹു വഴിതെറ്റിക്കുക - يُضْلِلِ ٱللَّهُ - എന്നതിന്റെ ആശയം നേരത്തേ വിശദീകരിക്കപ്പെട്ടതാണ്. ഈ സന്ദർഭത്തിൽ താൽപര്യമിതാണ്: വേദപ്രമാണങ്ങളെയോ പ്രവാചകനെയോ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളെയോ അംഗീകരിക്കാനും അനുസരിക്കാനും കൂട്ടാക്കാത്തവർ തന്നിഷ്ടങ്ങളെ പിന്തുടർന്ന് വഴിപിഴച്ചുപോവുക പ്രകൃതിനിയമം അഥവാ അല്ലാഹുവിന്റെ നിയമമാണ്. അത്തരക്കാരെ ആർക്കും നേർവഴിക്കു നയിക്കാനാവില്ല. അവർക്കു നൽകിയ സ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ട് അവരെ നിർബന്ധിച്ച് സന്മാർഗത്തിലേക്ക് കൊണ്ടുവരാൻ അല്ലാഹു തീരുമാനിച്ചിട്ടുമില്ല. ദൈവധിക്കാരത്തിന്റെ പൈശാചികമാർഗം തെരഞ്ഞെടുക്കുന്നവരെ ആ മാർഗത്തിൽ തന്നെ ആവോളം വിഹരിക്കാൻ വിട്ടയക്കുകയാണ് അല്ലാഹുവിന്റെ രീതി.

**187:** പ്രകൃതിയിൽ പരന്നുകിടക്കുന്ന ദൈവികദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുകയോ പ്രവാചകന്മാരുടെ പ്രബോധനം ശ്രദ്ധിക്കുകയോ ചെയ്യാത്തവർ സ്വേഛാപ്രമത്തരായി ധർമധിക്കാരത്തിൽ വിഹരിക്കാൻ വിട്ടയക്കപ്പെടുന്നുവെന്ന് മുൻ സൂക്തങ്ങളിൽ പ്രസ്താവിച്ചുവല്ലോ. തുടർന്ന് പ്രവാചകനോടും സത്യപ്രബോധനത്തോടുമുള്ള അവരുടെ സമീപനം ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ സൂചിപ്പിക്കുന്ന 'അവർ' അറേബ്യൻ മുശ്രിക്കുകളാണെന്നാണ് പശ്ചാത്തലത്തിൽനിന്ന് മനസ്സിലാകുന്നത്. യഹൂദരാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. രണ്ടു കൂട്ടരും പ്രവാചകനോട് പരിഹാസത്തോടെ ഈ ചോദ്യമുന്നയിക്കാറുണ്ടായിരുന്നു. ഈ പ്രഭാഷണത്തിന്റെ സംബോധിതർ ഖുറൈശികളാണ്. ഇതവതരിക്കുമ്പോൾ മക്കയിൽ യഹൂദർ വിരളവുമായിരുന്നു. അതുകൊണ്ട് ഇവിടെ പറഞ്ഞ 'അവർ' അറേബ്യൻ മുശ്രിക്കുകളാണെന്ന് കരുതുന്നതാണ് യുക്തം. ساعة-ന്റെ ഭാഷാർഥം സമയമാണ്. നിമിഷത്തെ ഉദ്ദേശിച്ചും ഈ പദം ഉപയോഗിക്കാറുണ്ട്. മണിക്കൂർ ആണ് പ്രചുരമായ അർഥം. ഇവിടെ ഉദ്ദേശിക്കുന്ന 'സമയം' ചോദ്യകർത്താക്കളുടെ മരണസമയമാകാം. ലോകാവസാന സമയവുമാകാം. രണ്ടാമത് പറഞ്ഞതാവാനാണ് കൂടുതൽ സാധ്യത. ഖുർആൻ 'ആ സമയം' - ٱلسَّاعَةِ - എന്നുപയോഗിച്ചിട്ടുള്ള അധികവും ലോകാവസനവേളയെയും ഉയിർത്തെഴുന്നേൽപുവേളയെയും ഉദ്ദേശിച്ചാണ്. തുടർന്ന് പറയുന്ന 'അത് വരുമ്പോൾ ആകാശഭൂമികൾക്ക് വളരെ ഭാരിച്ചതായിരിക്കും' എന്ന വാക്യവും ٱلسَّاعَةِ അന്ത്യനാളാണെന്ന് സൂചിപ്പിക്കുന്നുണ്ട്.

'ഏത്' എന്നർഥമുള്ള أيّ-ഉം 'സമയം' എന്നർഥമുള്ള آن-ഉം ചേർന്നുണ്ടായ പദമാണ് أَيَّانَ . 'എപ്പോൾ' (متى) എന്നർഥം. അസംഭവ്യമോ അവിശ്വസനീയമോ അനിഷ്ടകരമോ ആയി കരുതപ്പെടുന്നതിന്റെ ആഗമനം ചോദിക്കുമ്പോൾ സാധാരണ أَيَّانَ-യാണ് ഉപയോഗിക്കുക. ഇവിടെ ചോദ്യകർത്താക്കൾ അറബികളായാലും യഹൂദരായാലും പുഛത്തോടും പരിഹാസത്തോടും കൂടിയാണ് ചോദിക്കുന്നത്. കപ്പലിന്റെ ഓട്ടം നിലക്കലാണ് مرسى. നങ്കൂരം എന്ന അർഥത്തിലുള്ള راسية-ൽനിന്നുള്ളതാണീ പദം. رسا المركب എന്നാൽ 'കപ്പൽ നങ്കൂരമിട്ടു'. പരിഹാസദ്യോതകമായ രൂപകാലങ്കാരമായിട്ടാണ് ഇവിടെ ഈ പദവും ഉപയോഗിച്ചിരിക്കുന്നത്. അവർ ചോദിക്കുകയാണ്: ലോകാവസാനമാകുന്ന കപ്പൽ ഇതാ വരുന്നുവെന്ന് നീ ഭീഷണിമുഴക്കാൻ തുടങ്ങിയിട്ട് കുറേ നാളായല്ലോ മുഹമ്മദേ, പറയൂ എപ്പോഴാണ് അത് ഇവിടെയെത്തി നങ്കൂരമിടുക? അത് പറഞ്ഞുതന്നാൽ അപ്പോഴേക്കും ഞങ്ങൾ അതിലും നിന്റെ ദൈവത്തിലുമൊക്കെ വിശ്വസിച്ച് സന്മാർഗികളായിക്കൊള്ളാം.

പ്രവാചകന്മാർ സത്യനിഷേധികളെ രണ്ടുതരം ശിക്ഷ താക്കീതു ചെയ്യാറുണ്ടായിരുന്നു: ഒന്ന്, പരലോകശിക്ഷ. രണ്ട്, ഇഹലോകത്തുതന്നെ സംഭവിക്കുന്ന ശിക്ഷ. ഈ രണ്ടു താക്കീതുകളെയും അവിശ്വാസികൾ പരിഹസിക്കാറുണ്ടായിരുന്നു. അതുകൊണ്ട് ٱلسَّاعَةِ-ന്റെ വിവക്ഷ രണ്ടു ശിക്ഷകളുടെയും സമയമായിരിക്കാനും സാധ്യതയുണ്ട്.

യഹൂദർ ഈ ചോദ്യമുന്നയിച്ച് പരിഹസിച്ചിരുന്നത് പരലോകത്തിന്റെ ആഗമനത്തെയല്ല; മുഹമ്മദ് നബിയുടെ പ്രവാചകത്വത്തെയാണ്. ഉയിർത്തെഴുന്നേൽപും പരലോകവും, തൗറാത്തും പറഞ്ഞിട്ടുള്ളതാണ്. മുഹമ്മദ് (സ) പ്രവാചകനാണെങ്കിൽ ഉയിർത്തെഴുന്നേൽപിന്റെ സമയം അദ്ദേഹം കൃത്യമായി അറിയണമെന്നും അതറിയുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രവാചകത്വവാദം വ്യാജമാണെന്നുമായിരുന്നു അവരുടെ നിലപാട്.

ലോകാവസാനത്തിന്റെ സമയമന്വേഷിക്കുന്നവരോട്, അത് അല്ലാഹുവിനു മാത്രമേ അറിയൂ എന്നും അതിന്റെ സമയമായാൽ അവൻ തന്നെയാണ് തുളവാക്കുകയെന്നും - إِنَّمَا عِلْمُهَا عِندَ رَبِّى ۖ لَا يُجَلِّيهَا لِوَقْتِهَآ إِلَّا هُوَ - എന്നു മറുപടി പറയാനാണ് അല്ലാഹു കൽപിച്ചത്. അന്ത്യനാളിന്റെ കാലം പ്രവാചകന്മാർക്കെന്നല്ല ജിന്നുകൾക്കും മലക്കുകൾക്കുമൊന്നും അറിയുകയില്ല, അത് സംഭവിക്കുന്നതുവരെ മറ്റാരെയും അറിയിക്കാതെ അല്ലാഹുവിങ്കൽ മാത്രം സൂക്ഷിക്കപ്പെട്ട രഹസ്യമായിരിക്കും എന്നർഥം. ഖുർആൻ ഇക്കാര്യം ആവർത്തിച്ചു പറയുന്നുണ്ട്: إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ (തീർച്ചയായും അന്ത്യനാളിന്റെ വിവരം അല്ലാഹുവിങ്കലാകുന്നു-31:34). إِلَيْهِ يُرَدُّ عِلْمُ ٱلسَّاعَةِ (അ

ന്ത്യനാളിന്റെ വിവരം അവനിലേക്കു മാത്രം മടക്കപ്പെടുന്നു -41:47).

يَسْـَٔلُونَكَ عَنِ ٱلسَّاعَةِ أَيَّانَ مُرْسَىٰهَا ﴿٤٢﴾ فِيمَ أَنتَ مِن ذِكْرَىٰهَآ ﴿٤٣﴾ إِلَىٰ
رَبِّكَ مُنتَهَىٰهَآ ﴿٤٤﴾ إِنَّمَآ أَنتَ مُنذِرُ مَن يَخْشَىٰهَا ﴿٤٥﴾

(അന്ത്യനാളിനെക്കുറിച്ച് അതെപ്പോഴാണ് വന്നണയുക എന്ന് അവർ നിന്നോട് ചോദിക്കുന്നുവല്ലോ. അതു പറയാൻ നീയാര്? ആ വിവരം എന്റെ നാഥങ്കൽതന്നെ അവസാനിക്കുന്നു. നീയോ, അതിനെ ഭയപ്പെടുന്നവർക്കുള്ള മുന്നറിയിപ്പുകാരൻ മാത്രം- 79: 42-45).

വ്യക്തിയെ സംബന്ധിച്ചേടത്തോളം അവന്റെ മരണം പോലെ തന്നെയാണ് മനുഷ്യവംശത്തെ സംബന്ധിച്ചേടത്തോളം ലോകാവസാനവും. ഒരാളും തന്റെ മരണം എപ്പോഴാണെന്നറിയുന്നില്ല; അഥവാ അല്ലാഹു ആർക്കും അതറിയിച്ചുകൊടുത്തിട്ടില്ല. എന്നാൽ ഒരു ദിവസം താൻ മരിച്ചുപോകുമെന്ന് ഓരോ വ്യക്തിക്കും ഉറപ്പുണ്ടുതാനും. തന്റെ ചുറ്റും, രോഗത്താലും വാർധക്യത്താലും അത്യാഹിതങ്ങളാലുമൊക്കെ ആളുകൾ നിരന്തരം മരിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്ന ആർക്കാണ് സ്വന്തം മരണത്തെ നിഷേധിക്കാനോ സംശയിക്കാനോ കഴിയുക? മറ്റു മനുഷ്യരുടെ മരണം ഒരിക്കലും കാണുകയോ അറിയുകയോ ചെയ്യാത്ത ഒരാളെ സങ്കൽപിച്ചുനോക്കുക. പ്രത്യക്ഷാനുഭവങ്ങളിൽ മാത്രം വിശ്വസിക്കുന്ന ഭൗതികവാദിയാണെങ്കിൽ ഒരുനാൾ നിങ്ങൾ മരിച്ചുപോകുമെന്ന് പറഞ്ഞാൽ അയാളത് നിഷേധിക്കുകയും പുഛിച്ചു തള്ളുകയും ചെയ്യും. ഇതുപോലെത്തന്നെയാണ് ലോകത്തിന്റെ മരണം നിഷേധിക്കുന്നതും. മരണം അനിവാര്യമാണെന്നും ഏതു നിമിഷവും അത് വന്നുഭവിക്കാമെന്നും ബോധമുള്ളവരിൽതന്നെ വലിയൊരു വിഭാഗം അതിനെ അവഗണിച്ചുകൊണ്ട്, ഫലത്തിൽ നിഷേധിച്ചുകൊണ്ടാണല്ലോ വർത്തിക്കുന്നത്. അത്തരക്കാർ തങ്ങളൊരിക്കലും കണ്ടറിഞ്ഞിട്ടില്ലാത്ത ലോകാവസാനത്തെ നിഷേധിക്കുക സ്വാഭാവികമാണ്.

മനുഷ്യർക്ക് അനുഭവജ്ഞാനമില്ലാത്ത ലോകാവസാനത്തെക്കുറിച്ച് അങ്ങനെയൊന്നുണ്ടെന്ന് മുന്നറിയിപ്പു നൽകുകയാണ് പ്രവാചകന്മാരുടെ ദൗത്യം. ഓരോ വ്യക്തിയും മരിച്ചുപോകുന്നതുപോലെ ഒരുനാൾ ഈ ലോകം മുഴുവൻ മരിച്ചുപോകുമെന്ന് അറിയിക്കുകയാണവർ. അതിന്റെ നാളും നേരവും കുറിച്ചുതരിക അവരുടെ ദൗത്യമല്ല. അത് അവരൊന്നുമറിയുന്നുമില്ല. ഓരോ മനുഷ്യന്നും സ്വന്തം മരണം ഉറപ്പാണെങ്കിലും അതെന്നാണെന്ന കാര്യം അജ്ഞാതമാണ്. ഈ അജ്ഞതയാണ് ജീവിതത്തെ സദാ പ്രതീക്ഷാനിർഭരവും കർമനിരതവുമാക്കുന്നത്. മനുഷ്യൻ തന്റെ മരണം ഇന്ന തീയതി ഇത്ര മണിക്ക് എന്ന് ജീവിതാരംഭത്തിലേ ഉറപ്പായറിയുന്നുവെങ്കിൽ അവന്റെ ജീവിതം മുഴുവൻ വധശിക്ഷക്ക് വിധിക്കപ്പെട്ടവന്റേതുപോലെ മരണമയമായിരിക്കും. അവന്റെ വിചാരശേഷിയെയും കർമശേഷിയെയുമെല്ലാം അത് പ്രതികൂലമായി ബാധിക്കുന്നു. മരണം കൺമുമ്പിൽനിന്ന് മറഞ്ഞിരിക്കുമ്പോഴാണ് ജീവിതം ജീവിതമാകുന്നത്. മരണത്തിന്റെ അദൃശ്യസാന്നിധ്യം ജീവിതത്തിന്റെ പരീക്ഷണസ്വഭാവത്തിന്റെ അനിവാര്യതയാകുന്നു. മരണത്തെ അവഗണിക്കേണ്ടവർക്ക് അവഗണിക്കാനും വിസ്മരിക്കേണ്ടവർക്ക് വിസ്മരിക്കാനും ഒരനിവാര്യതയെന്ന നിലയിൽ നിർഭയമായും ഉത്തരവാദിത്വപൂർണമായും സമീപിക്കേണ്ടവർക്ക് ആ രീതിയിൽ സമീപിക്കാനും അവസരം ലഭിക്കുന്നത് അത് അദൃശ്യമായി നിലകൊള്ളുന്നതുകൊണ്ടാണ്. ലോകാവസാനത്തിന്റെയും അവസ്ഥ ഇതുതന്നെ. സഹജീവികളിലൂടെ അനുഭവവേദ്യമായിട്ടില്ലാത്തതിനാൽ ചിലയാളുകൾ ലോകാവസാനത്തിന്റെ സംഭവ്യതയെത്തന്നെ നിഷേധിക്കുന്നു. അവരാണ് അങ്ങനെയൊന്നുണ്ടെങ്കിൽ അതിന്റെ തീയതിയെന്നാണ് എന്ന് ചോദിച്ചു പരിഹസിക്കുന്നത്. ഞാൻ മരിക്കുമെങ്കിൽ അതിന്റെ നാളും നേരവും പറഞ്ഞുതരൂ എന്നാവശ്യപ്പെടുന്നതുപോലെ ബാലിശമാണീ പരിഹാസം.

ഓരോ മനുഷ്യനെയും സൃഷ്ടിക്കുമ്പോൾ അവന്റെയും അവനുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും മരണത്തീയതിയും ഉയിർത്തെഴുന്നേൽപു തീയതിയും കുറിച്ച് കൈയിൽ കൊടുക്കുന്നുവെങ്കിൽ പിന്നെ ജീവിതത്തിൽ സത്യാന്വേഷണത്തിനും മൂല്യസങ്കൽപത്തിനുമൊന്നും പ്രസക്തിയില്ല. എല്ലാം വ്യക്തമായി നേരിൽ കാണുന്നിടത്ത് പരീക്ഷണത്തിനും ഇടമില്ല. അല്ലാഹു പക്ഷേ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അന്വേഷണത്തിലൂടെ മുന്നേറുന്ന, പരീക്ഷിക്കപ്പെടുന്ന ജീവിയായിട്ടാണ്. മരണത്തിന്റെയും അന്ത്യനാളിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും സ്വർഗനരകങ്ങളുടെയുമൊക്കെ അദൃശ്യത അവൻ നേരിടുന്ന പരീക്ഷണങ്ങളാണ്. അതിനാൽ മനുഷ്യന്റെ കാഴ്ചക്കും കണക്കുകൂട്ടലിനുമതീതമായി ആകസ്മികമായിട്ടാണവ സംഭവിക്കുക. ശാരീരികലക്ഷണം കൊണ്ട് ഇനിയുമൊരമ്പതു കൊല്ലമെങ്കിലും ആരോഗ്യത്തോടെ ജീവിക്കുമെന്ന് കരുതപ്പെടുന്നവർ ചിലപ്പോൾ അടുത്ത നിമിഷം പിടഞ്ഞു വീണു മരിക്കുന്നു. ആസന്നമരണൻ എന്നു കരുതപ്പെട്ടവൻ പിന്നെയും ദശകങ്ങൾ ആരോഗ്യത്തോടെ ജീവിക്കുന്നു. ഭൗതികലോകത്തിന്റെ ആയുസ്സിന്റെ കാര്യവും ഇതുപോലെയാണ്. ഒരുപക്ഷേ ഇന്നു തന്നെ അതു സംഭവിക്കാം. അല്ലെങ്കിൽ അനേകയുഗങ്ങൾ ഇനിയും പിന്നിട്ടെന്നും വരാം. ഒരു കാര്യം ഉറപ്പാണ്: ലോകം പിന്നിടുന്ന ഓരോ നിമിഷവും അതിന്റെ അന്ത്യത്തിലേക്കുള്ള ചുവടുവെപ്പാണ്. ഇപ്പോഴെന്നപോലെ സഹസ്രാബ്ദങ്ങൾക്കു മുമ്പും ലോകം അന്ത്യത്തോടടുത്തുകൊണ്ടിരിക്കുകയായിരുന്നു. മുഹമ്മദ് നബി(സ) ഒരിക്കൽ തന്റെ നടുവിരലും ചൂണ്ടുവിരലും വിടർത്തി കാണിച്ചുകൊണ്ട് പറഞ്ഞു: "ഞാനും അന്ത്യനാളും ഇതുപോലെ അടുത്തിരിക്കുന്നു." പ്രസിദ്ധമായ മറ്റൊരു ഹദീസിൽ പറയുന്നു: പ്രവാചകൻ മലക്ക് ജിബ്രീലിനോട് ചോദിച്ചു: 'അന്ത്യനാൾ എപ്പോഴായിരിക്കും?' ജിബ്രീൽ പറഞ്ഞു: 'അക്കാര്യത്തിൽ ചോദിക്കപ്പെടുന്നവൻ ചോദിക്കുന്നവനേക്കാൾ അറിവുള്ളവനല്ല.'

അന്ത്യനാൾ സമാഗതമാകുമ്പോൾ ആകാശത്തും ഭൂമിയിലും ഭീകരമായ പല സംഭവങ്ങളുമുളവാകുമെന്നും മനുഷ്യരും മലക്കുകളും ജിന്നുകളും ജന്തുക്കളുമെല്ലാം അത് താങ്ങാനാവാതെ ഭയവിഹ്വലരായിത്തീരുമെന്നുമാണ് ثَقُلَتْ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ (ആകാശഭൂമികളിൽ അത് ഭാരമായിരിക്കുന്നു) എന്ന വാക്യത്തെ അധിക പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. അന്ത്യനാളിന്റെ ഭീകരാന്തരീക്ഷം ഖുർആൻ അനേകം സ്ഥലങ്ങളിൽ വർണിക്കുന്നുണ്ട്. ഒരു ഉദാഹരണം:

إِذَا ٱلشَّمْسُ كُوِّرَتْ ﴿١﴾ وَإِذَا ٱلنُّجُومُ ٱنكَدَرَتْ ﴿٢﴾ وَإِذَا ٱلْجِبَالُ
سُيِّرَتْ ﴿٣﴾ وَإِذَا ٱلْعِشَارُ عُطِّلَتْ ﴿٤﴾ وَإِذَا ٱلْوُحُوشُ حُشِرَتْ ﴿٥﴾ وَإِذَا
ٱلْبِحَارُ سُجِّرَتْ ﴿٦﴾ وَإِذَا ٱلنُّفُوسُ زُوِّجَتْ ﴿٧﴾

(സൂര്യൻ വലയം ചെയ്യപ്പെടുമ്പോൾ, താരകങ്ങൾ ഉതിർന്നു വീഴുമ്പോൾ, പർവതങ്ങൾ ചലിപ്പിക്കപ്പെടുമ്പോൾ, പേറടുത്ത ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ, വന്യജീവികൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ, കടലുകൾ കത്തിപ്പടരുമ്പോൾ, ആത്മാക്കൾ ജഡത്തോടിണക്കപ്പെടുമ്പോൾ....81:1-7). ചിലർ ثقلت എന്ന വാക്കിന് خفيت-ന്റെ അർഥം നൽകി വ്യാഖ്യാനിച്ചിരിക്കുന്നു. ആകാശഭൂമികളിൽ അത് (അതിന്റെ വിവരം) മറഞ്ഞിരിക്കുന്നു എന്നാകും അപ്പോൾ അർഥം. ഇതനുസരിച്ച് അന്ത്യനാൾ എപ്പോഴാണെന്ന് അല്ലാഹു മാത്രം അറിയുന്നു എന്ന ആദ്യ പ്രസ്താവനക്ക് നൽകുന്ന ഒരു ഊന്നലാണീ വാക്യം. ഒരു കാര്യം- അത് ഗൗരവപ്പെട്ട കാര്യമാകുമ്പോൾ വിശേഷിച്ചും-

അവ്യക്തവും അജ്ഞേയവുമായി കിടക്കുന്നത് മനസ്സിനു വലിയ ഭാരമാണല്ലോ. ഭൂമിയിലെ മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും വാനലോകത്തെ മലക്കുകൾക്കുമെല്ലാം അന്ത്യനാളിന്റെ രഹസ്യം ഒരു മഹാഭാരമായി നിലകൊള്ളുന്നുവെന്നാണ് വാക്യം സൂചിപ്പിക്കുന്നതെന്നും വിശദീകരിക്കപ്പെട്ടിരിക്കുന്നു. ലോകാവസാനത്തെ ആകാശഭൂമികൾ ഗർഭം ധരിച്ചിരിക്കുന്നു എന്ന അർഥത്തിലാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നത്. ഗർഭം തികഞ്ഞ പെണ്ണിന്റെ പ്രസവം ഏതു നിമിഷത്തിലാണെന്ന് കൃത്യമായി ആർക്കും അറിയില്ലെങ്കിലും സമീപഭാവിയിൽ അവളുടെ ഗർഭഭാരമൊഴിയുമെന്ന് എല്ലാവർക്കും ഉറപ്പാണ്. ഇതുതന്നെയാണ് ലോകാവസാനത്തിന്റെയും സ്ഥിതി. ആകാശഭൂമികളിൽ പരന്നുകിടക്കുന്ന ദൃഷ്ടാന്തങ്ങൾ ഉൾക്കാഴ്ചയുള്ളവരോട് ഇങ്ങനെ വിളിച്ചു പറയുന്നുണ്ട്: ഈ ഭൗതികപ്രപഞ്ചം ഒരു സമ്പൂർണ വിനാശത്തെ ഗർഭം ധരിച്ചിരിക്കുന്നു. എപ്പോഴാണത് സംഭവിക്കുകയെന്ന് പറയാനാവില്ലെങ്കിലും ഒരിക്കൽ സംഭവിക്കുകതന്നെ ചെയ്യുമെന്നുറപ്പാണ്. ഗർഭം തികഞ്ഞ സ്ത്രീ പ്രസവവും കാത്ത് അസ്വസ്ഥയാകുന്നതുപോലെ, പ്രപഞ്ചം അത് പേറുന്ന വിനാശത്തിന്റെ ഗർഭമൊഴിയാൻ അസ്വസ്ഥമായി കാത്തിരിക്കുകയാണ്. ഭൗതികപ്രപഞ്ചത്തിൽ അതിന്റെ സമ്പൂർണ വിനാശത്തിന്റെ ലക്ഷണങ്ങൾ കാണാൻ കഴിയാത്തവർ പ്രസവമടുത്ത പെണ്ണിന്റെ ഗർഭം കാണാൻ കഴിയാത്തവരെപ്പോലെയാണെന്ന ഒരു സൂചനയും ഇതുൾക്കൊള്ളുന്നു. ലക്ഷണങ്ങൾ നോക്കി അതിന്റെ സംഭവ്യത ഉറപ്പിക്കുകയും എപ്പോൾ വന്നാലും അതിനെ നേരിടാൻ തയാറായിരിക്കുകയും ചെയ്യുക, നിങ്ങൾ ഒട്ടും നിനച്ചിരിക്കാത്തപ്പോൾ ആകസ്മികമായിട്ടായിരിക്കും അത് സംഭവിക്കുക എന്നാണ് لَا تَأْتِيكُمْ إِلَّا بَغْتَةً എന്ന വാക്യത്തിന്റെ താൽപര്യം. അത് സംഭവിക്കുന്ന സമയം കൃത്യമായി അറിയുന്നില്ല എന്നത് അതിന്റെ സംഭവ്യതയുടെ നിഷേധമാകുന്നില്ല- ഗർഭിണിയുടെ പ്രസവസമയമറിയാത്തത് പ്രസവത്തിന്റെ നിഷേധമാകാത്തതുപോലെ.

حَفِيٌّ -ന് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നവൻ എന്നും മിത്രം എന്നും അർഥമുണ്ട്. ഒരു വിഷയം നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നവൻ അക്കാര്യത്തിൽ വ്യുൽപത്തിയുള്ളവനായിരിക്കുമല്ലോ. ആ അടിസ്ഥാനത്തിൽ വിദ്വാൻ എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കുന്നു. 'മിത്രം' എന്ന അർഥം സ്വീകരിച്ചവർ വിശദീകരിക്കുന്നതിങ്ങനെ: നീ ഞങ്ങളുടെ ഗോത്രക്കാരനും ഞങ്ങൾക്ക് ഉറ്റവനുമാണല്ലോ. ആ ബന്ധം മാനിച്ച് ഒന്നു പറഞ്ഞുതരൂ, നീയിപ്പറയുന്ന ലോകാവസാനം എന്നാണ് സംഭവിക്കുക? അതറിഞ്ഞാൽ ഞങ്ങൾക്ക് അതിനെ നേരിടാൻ വേണ്ട മുൻകരുതലുകളെടുക്കാമല്ലോ. ഈ മൈത്രീ പരാമർശത്തിലൂടെയും അവരദ്ദേഹത്തെ പരിഹസിക്കുകയായിരുന്നു. 'നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കുന്നവൻ' എന്ന അർഥം സ്വീകരിച്ചവർ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്: അന്ത്യനാൾ എന്നാണ്, എങ്ങനെയാണ് എന്നൊക്കെ ആഴത്തിൽ അന്വേഷിച്ചു പഠിച്ച വിദ്വാനാണ് നീയെന്ന മട്ടിലാണല്ലോ അവർ നിന്നോട് അതേപ്പറ്റി ചോദിക്കുന്നത്. എന്നാൽ സൃഷ്ടികളിലാർക്കും അതേപ്പറ്റി അറിഞ്ഞുകൂടാ. പിന്നെ നീ അത് ആരോടന്വേഷിച്ച് പഠിക്കാൻ?! അതിന്റെ വിവരം അല്ലാഹുവിങ്കൽ മാത്രമേയുള്ളൂ. അവൻ അതേപ്പറ്റി പറഞ്ഞുതരുന്നതു മാത്രമേ നീ അറിയൂ. يَسْـَٔلُونَكَ كَأَنَّكَ حَفِيٌّ عَنْهَا എന്ന വാക്യത്തിൽ പറയുന്ന അവർ വിശ്വാസികൾതന്നെ ആയിക്കൂടായ്കയില്ല. അന്ത്യനാളിന്റെ സമയമറിയാൻ ജിജ്ഞാസുക്കളായ ചില വിശ്വാസികൾ പ്രവാചകനെ സമീപിച്ചിരിക്കാവുന്നതാണ്. അന്ത്യനാളിനെ നിഷേധിക്കുന്നവർക്ക് കൊടുത്ത മറുപടി തന്നെ അവർക്കും കൊടുക്കാൻ കൽപിക്കുകയാണ് അല്ലാഹു.

ഈ സന്ദർഭത്തിൽ പക്ഷേ അധിക മനുഷ്യരും അറിയുന്നില്ല- وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ - എന്ന സമാപനവാക്യത്തിന്റെ താൽപര്യമിതാണ്: തങ്ങൾക്ക് ജ്ഞേയമായതെന്താണ്, അജ്ഞേയമായതെന്താണ് എന്ന് അധികമാളുകളും മനസ്സിലാക്കുന്നില്ല. സ്വന്തം ഗ്രാഹ്യതക്കപ്പുറമുള്ള കാര്യങ്ങളും അവരന്വേഷിച്ചുകൊണ്ടിരിക്കുന്നു. അത്തരം അന്വേഷണങ്ങളുടെ ഫലം സമയനഷ്ടവും ആശയക്കുഴപ്പങ്ങളുമായിരിക്കും. തങ്ങൾക്കറിയാൻ കഴിയാത്തതും അറിയേണ്ടതില്ലാത്തതുമായ കാര്യങ്ങളുടെ പിന്നാലെ പോവുക എന്ന വിചിത്രമായ സ്വഭാവം പല ആളുകൾക്കുമുണ്ട്. അത്തരം വൃഥാ ഗവേഷണങ്ങളിൽ ലയിച്ച് യഥാർഥത്തിൽ അറിയേണ്ടതും ഇഹപരവിജയത്തിന്റെ നിദാനവുമായ പല യാഥാർഥ്യങ്ങളെയും അവർ അവഗണിച്ചുകളയുന്നു. ഖുർആനിലെ സുവ്യക്ത സൂക്തങ്ങളെ -محكمات- അവഗണിച്ച് സദൃശവചനങ്ങളുടെ -متشابهات- വ്യാഖ്യാനം തേടിപ്പോകുന്നവർ ഇക്കൂട്ടത്തിൽപെടുന്നു. മനസ്സിൽ വക്രതയുള്ളവർ - ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ - എന്നാണ് ഖുർആൻ അവരെ വിശേഷിപ്പിക്കുന്നത്.

**188:** അധിക മനുഷ്യരും കാര്യങ്ങൾ മനസ്സിലാക്കുന്നില്ല എന്നു പറഞ്ഞുകൊണ്ടാണല്ലോ മുൻ സൂക്തം സമാപിച്ചത്. പ്രവാചകന്റെ യാഥാർഥ്യത്തെക്കുറിച്ച് ആളുകൾ മനസ്സിലാക്കാതെ പോകുന്ന ചില കാര്യങ്ങൾ അവരെ ഉണർത്താനാവശ്യപ്പെട്ടിരിക്കുകയാണീ സൂക്തം. അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെടുക എന്നാൽ അല്ലാഹുവിന്റെ കഴിവുകളിലും അധികാരങ്ങളിലും ജ്ഞാനത്തിലും പങ്കാളിയാക്കപ്പെടുക എന്നല്ല അർഥം. ലോകത്തിന്റെ ഭാഗധേയം നിർണയിക്കാനോ ഇഷ്ടമുള്ളവർക്ക് സൗഭാഗ്യമരുളാനോ ഇഷ്ടമുള്ളവർക്ക് ആപത്തണക്കാനോ ഒന്നും എന്നെപ്പോലുള്ള പ്രവാചകന്മാർക്കാവില്ല. തനിക്കുതന്നെ ഗുണദോഷങ്ങൾ വരുത്താനുള്ള കഴിവും അധികാരവും പോലും പ്രവാചകനില്ല. എല്ലാ കഴിവുകളുടെയും അധികാരങ്ങളുടെയും കേന്ദ്രം അല്ലാഹുവാകുന്നു. അവൻ നിശ്ചയിച്ചതു മാത്രം നടക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ മാത്രം അധികാരത്തിൽപെട്ട കാര്യങ്ങൾ എന്നോട് ചോദിക്കരുത്. ആഗ്രഹസാഫല്യത്തിനും ആപത്‌രക്ഷക്കും പ്രവാചകനെ വിളിച്ചു പ്രാർഥിച്ചിട്ട് ഒരു കാര്യവുമില്ല; എന്നല്ല അങ്ങനെ ചെയ്യുന്നത് അല്ലാഹുവിന്റെ അധികാരങ്ങളിൽ അദ്ദേഹത്തിന് പങ്കാളിത്തമാരോപിക്കലായിത്തീരുകയും ചെയ്യും. പ്രവാചകൻ മാത്രമായ ഞാൻ ജ്ഞാനത്തിന്റെ കാര്യത്തിലും അപൂർണനാണ്. അല്ലാഹു അറിയിച്ചുതന്നതിനപ്പുറമുള്ള അതിഭൗതിക രഹസ്യങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ. അറിയാമായിരുന്നുവെങ്കിൽ നാളെയെക്കുറിച്ച് ഒരാശങ്കയും എനിക്കുണ്ടാകേണ്ടതില്ലായിരുന്നു. സൗഭാഗ്യങ്ങളും വിജയങ്ങളും വാരിക്കൂട്ടാനുള്ള വാതിലുകൾ എന്റെ മുമ്പിൽ മലർക്കെ തുറന്നുകിടക്കുമായിരുന്നു. ദോഷബാധകളിൽനിന്ന് രക്ഷപ്പെടാനുള്ള ഉപാധികളും വ്യക്തമായി കാണാമായിരുന്നു. പക്ഷേ അത്തരം ജ്ഞാനം എനിക്കില്ല. അതുകൊണ്ടാണ് എന്റെ പ്രബോധനം ഞാനാഗ്രഹിക്കുന്നതുപോലെ നിങ്ങളെ സ്വാധീനിക്കാത്തത്, അതിനാവശ്യമായ ശക്തിയും അധികാരവും എനിക്കില്ലാത്തത്. ഞാൻ ദരിദ്രനും ആൺമക്കളില്ലാത്തവനുമായിരിക്കുന്നത്, പ്രതിയോഗികളിൽനിന്ന് പീഡനവും പരിഹാസ ശകാരങ്ങളും ഏൽക്കേണ്ടിവരുന്നത്. ദൈവികാധികാരങ്ങളോ അതിഭൗതികജ്ഞാനങ്ങളോ ഇല്ലാത്ത മുന്നറിയിപ്പുകാരനും സുവിശേഷകനും മാത്രമാകുന്നു ഞാൻ. അതും എന്നിൽ വിശ്വസിക്കാൻ സന്നദ്ധതയുള്ളവർക്കു മാത്രം. അതില്ലാത്തവരുടെ മനസ്സിൽ വിശ്വാസം ബലാൽക്കാരം കുത്തിയിറക്കാനൊന്നും എനിക്കു കഴിവില്ല. സത്യം അംഗീകരിക്കാനും ആചരിക്കാനുമുള്ള സൗഭാഗ്യം സ്വന്തം ഇഷ്ടത്തെയും അല്ലാഹുവിങ്കൽനിന്നുള്ള ഉതവിയെയും ആശ്രയിച്ചിരിക്കുന്നു. ഇതാണ് ഒടുവിൽ لِّقَوْمٍ يُؤْمِنُونَ എന്ന് എടുത്തു പറഞ്ഞതിന്റെ താൽപര്യം. ■